

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**20 December 2019**
**23 Rabi'ul Aakhir 1441 AH**

# GHIBBAT… SOME HADITHS (PART 10)

## ഗീയ്ബത്ത് ... പ്രവാചക വചനങ്ങളിലൂടെ (ഭാഗം.10)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***ഗീയ്ബത്ത് ... പ്രവാചക വചനങ്ങളിലൂടെ (ഭാഗം.10)*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഗീയ്ബത്ത് എന്ന വിഷയം, വെള്ളിയാഴ്ച ഖുത്തുബകളിലൂടെ തുടരുകയാണ്. ഒരാളെ മോശമായി കരുതുക, അവനോട് അസൂയ വെയ്ക്കുക, അവനെ ഉപദ്രവിക്കുക, മറ്റുള്ളവർ അവനെ പരിഹസിക്കുന്നതു കണ്ട്, അപമാനപ്പെടുത്തുന്നതു കണ്ട് സന്തോഷിക്കുക. ഇതൊക്കെയാണ് ഗീയ്ബത്ത് അഥവ പരദൂഷണത്തിന്റെ ശാഖകൾ.

ഈ വിഷയം, വീണ്ടും, വീണ്ടും വളർത്തി വലുതാക്കി, ജനങ്ങൾക്ക് പൊതുവിൽ ഈ വിഷയത്തെ സംബന്ധിച്ച് അവബോധം നല്കുക, വിശിഷ്യാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക് ഇതുസംബന്ധമായി ബോധനം നല്കേണ്ടത് അനിവാര്യമായ ഒരു കാര്യം തന്നെയാണ്. ഈ വിഷയം നിങ്ങൾ ആഴത്തിൽ അപഗ്രഥനം നടത്തുകയാണെങ്കിൽ, നാമിന്നു ജീവിക്കുന്ന നമ്മുടെ സമൂഹത്തിൽ സഹോദരങ്ങൾ തമ്മിൽ പ്രശ്നങ്ങൾ നിലനില്ക്കുന്നതായി കാണുവാൻ കഴിയും. അതായത് ഒരു സഹോദരൻ അവന്റെ തന്നെ സഹോദരനെ തരം താഴ്ത്തി ചിത്രീകരിക്കുന്നതായി നിങ്ങൾക്കു കാണാം. അവൻ അവന്റെ സഹോദരനെ

താഴെകിടയിലുള്ളവനായി കാണുന്നു. ഒരാൾക്കു തന്നെ തന്നെ ശരിയായ നിലയിൽ മനസ്സിലാക്കുവാൻ കഴിയുകയാണെങ്കിൽ, അവൻ ഒരിക്കലും മറ്റൊരാളെ തന്നെക്കാൾ അധഃപതിച്ചവനാണെന്ന് കാണുകയില്ല. ഇക്കാര്യം ഹസ്രത് മസീഹ് മൗഊദ് (അ) ഇപ്രകാരം വിവരിക്കുകയുണ്ടായി. നിങ്ങൾ നിങ്ങളുടെ മനസ്സിൽ, ചിന്തയിൽ നിങ്ങളെകുറിച്ച് ഏറ്റവും താണവൻ എന്ന് ചിന്തിക്കേണ്ടതാണ്. മറ്റുള്ളവരെക്കാൾ മോശപ്പെട്ടവനാണ് താനെന്നുള്ള ചിന്ത ഉണ്ടാകേണ്ടതാണ്. അങ്ങനെയായാൽ ഈ രോഗത്തിനുള്ള ഔഷധം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ കാണും. ഇൻശാ അല്ലാഹ്.

അതിനേക്കാൾ വലിയ കാര്യം ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ താഴ്ന്നവൻ എന്ന് കാണരുത്. കാരണം നിങ്ങൾ നിങ്ങളുടെ അസ്ഥിത്വത്തെ അവലോകനം ചെയ്താൽ, നിങ്ങൾക്ക് മനസ്സിലാകും, അതായത് നിങ്ങളാണ് ഏറ്റവും താഴെകിടയിലുള്ളവൻ എന്ന്! നിങ്ങളിൽ എന്തെങ്കിലും മാന്യത നിങ്ങൾ കാണുന്നുവെങ്കിൽ അതു അല്ലാഹു(ത) നിങ്ങളുടെ മേൽ പർദ ഇട്ടിരിക്കുന്നതുകൊണ്ടാണ്. നിങ്ങൾക്ക് എന്തെങ്കിലും ഒരു മാന്യതയുണ്ടെങ്കിൽ, എന്തെങ്കിലും ഒരു പദവി ഉണ്ടെങ്കിൽ, എന്തെങ്കിലും അറിവ് ഉണ്ടെങ്കിൽ,എന്തെങ്കിലും ബുദ്ധി ഉണ്ടെങ്കിൽ, അല്ലെങ്കിൽ നിങ്ങൾക്ക് ധനം ഉണ്ടെങ്കിൽ, സൗന്ദര്യം ഉണ്ടെങ്കിൽ, കുട്ടികൾ ധാരാളം ഉണ്ടെങ്കിൽ തുടങ്ങിയവ..... അപ്പോൾ അത് അല്ലാഹു(ത)യുടെ ഔദാര്യവും അനുഗ്രഹവും മാത്രമാണ് എന്നറിയുക.

ആരെങ്കിലും ഇത് നല്ല നിലയിൽ മനസ്സിലാക്കുകയാണെങ്കിൽ അവൻ മറ്റൊരാളെ തന്നെക്കാൾ താണവനായി കാണുമ്പോൾ, അവൻ സ്വയം ലജ്ജിതനായി മാറും. അപ്പോൾ അവൻ മറ്റൊരാളെ തന്നെക്കാൾ താണനിലയിലുള്ളവനാണെന്ന് കരുതുകയില്ല. ഇക്കാര്യം ഒരു യാഥാർത്ഥ്യമാണ്. നിങ്ങൾ മറ്റൊരു വ്യക്തിയെ കാണുമ്പോൾ, നിങ്ങൾ ചിന്തിക്കുന്നതാണ്, അവന് പ്രയാസ സാഹചര്യം ഉണ്ടായിരിന്നിട്ടുപോലും, അവൻ നിങ്ങളെക്കാൾ ത്യാഗരംഗത്തും, ആത്മാർത്ഥതയിലും, ദീൻ പ്രചാരണത്തിലും വളരെ പുരോഗതി പ്രാപിച്ചിരിക്കുന്നു എന്ന് മനസ്സിലാ

ക്കുന്നതാണ്. അങ്ങനെ നിങ്ങൾ സ്വയം ലജ്ജിതനാകുന്നതാണ്, അതുകൊണ്ട് നിങ്ങൾ ദൈവീക മാപ്പിനായി അർത്ഥിക്കുക. പിന്നീട് നിങ്ങൾ ഒരിക്കലും അവനെ ഒരു താണവനായി കാണുകയില്ല.

അതുകൊണ്ട് ഇത് നിങ്ങൾ കണക്കിലെടുക്കുക. നിങ്ങൾക്ക് നബികരീം (സ)നോട് അതിയായ സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ ഇതിനെപറ്റി ചിന്തിക്കുന്നതാണ്. ഈ ശിക്ഷണമാണ് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമുക്ക് നല്കിയിരിക്കുന്നത്. മാനവ മനഃശാസ്ത്രത്തെക്കുറിച്ച് വളരെയധികം ചിന്തിച്ച ശേഷം അല്ലാഹു(ത) യുടെ സഹായത്തോടെ നല്കിയ മനഃശാസ്ത്ര ഉപദേശമാണിത്. ഈ പരിശുദ്ധ മനുഷ്യൻ ഭൂമുഖത്ത് ആഗതരായത് 1400 വർഷങ്ങൾക്കു മുമ്പാണ്. അത്തരം ഒരാളെ സൃഷ്ടിക്കുന്നതിനായി മുഴു പ്രപഞ്ചവും സൃഷ്ടിക്കുകയായിരുന്നു. നമ്മെപോലുള്ള അപ്രസക്തരായ ആളുകൾക്ക് വേണ്ടി അദ്ദേഹം എന്തുമാത്രം അധ്വാനമാണ് നടത്തിയത്. അദ്ദേഹം ഉണരുമ്പോൾ, അദ്ദേഹം പ്രാർത്ഥിച്ചു. (അല്ലാഹുവിനോട് ദുആ ചെയ്തു) ഓരോ രോഗത്തെ കുറിച്ചും ഒന്നിനുപുറകെ ഒന്നായി അദ്ദേഹം പ്രാർത്ഥിച്ചു. ഓരോ രോഗത്തിനുമുള്ള മരുന്നുകൾ അദ്ദേഹത്തിന് നല്കുകയുണ്ടായി. ഇത് നിങ്ങൾ വേണ്ടതുപോലെ ശ്രവിക്കുന്നുവെങ്കിൽ നിങ്ങൾ പ്രസ്താവിക്കുക തന്നെ ചെയ്യും. ഇത് അദ്ദേഹം നല്കിയ അതിമഹത്തായ ഉപദേശം തന്നെയാണ് എന്ന്! ഇത് മാത്രമാണോ! അദ്ദേഹം ചെയ്ത ത്യാഗങ്ങളിലേക്ക് നിങ്ങൾ നോക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും ഈ ഉപദേശങ്ങളെ അവഗണിക്കുവാൻ ധൈര്യപ്പെടുകയില്ല.

അദ്ദേഹം ജനങ്ങൾക്കായി പ്രയത്നിച്ചതുപോലെ ലോകത്ത് മറ്റൊരു പ്രവാചകനും പ്രയത്നിച്ചിട്ടില്ല. അതുകൊണ്ട് ഇതിനെകുറിച്ച് നിങ്ങൾ ഒരല്പം ചിന്തിക്കുക. എന്നിട്ട് എല്ലാവിധ ആദരവോടെയും നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ശിരസ്സ് കുനിക്കുക. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) കൊണ്ടുവന്ന എല്ലാ ഉപദേശങ്ങളെയും ആദരപൂർവ്വം സ്വീകരിക്കുക. ഹൃദയത്തിൽ നിന്നും പ്രകടമാകുന്ന ഒരത്യാഹ്ലാദം എല്ലായ്പ്പോഴും ഈ അനുസരണത്തിനുണ്ട് എന്നതാണിതിന്റെ കാരണം. നിങ്ങളുടെ

ഹൃദയം സമ്പൂർണ്ണമായും ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യെ അനുസരിക്കുമ്പോൾ, സ്നേഹിക്കുമ്പോൾ നിങ്ങൾക്ക് അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അംഗീകരിക്കാതിരിക്കുവാൻ കഴിയുകയില്ല.

അദ്ദേഹത്തിന്റെ അറിവിന്റെ വെളിച്ചത്തിൽ ലഭ്യമായ ഈ ഉപദേശങ്ങൾ മാത്രമല്ല നോക്കേണ്ടത്, മറിച്ച്, അദ്ദേഹം അല്ലാഹു(ത)യോടും അദ്ദേഹത്തിന്റെ സമുദായത്തോടും കാണിച്ച സ്നേഹവും നിങ്ങൾ ആഴത്തിൽ നോക്കികാണേണ്ടതുതന്നെയാണ്. ഈ ഉപദേശങ്ങളുടെ അടിത്തട്ടിൽ കിടക്കുന്ന കാരുണ്യത്തിലേക്ക് നിങ്ങൾ നോക്കു, എന്നിട്ട് അതിന്റെ മുമ്പിൽ തല കുനിക്കുകയും, സമർപ്പിക്കുകയും ചെയ്യുക. അനുസരണയോടെ നിങ്ങളതു ചെയ്യുമ്പോൾ, നിങ്ങൾക്ക് അല്ലാഹു(ത)യുടെയും അവന്റെ പ്രവാചകൻ(സ)യുടെയും സ്നേഹം നേടുന്നതിൽ വിജയിക്കാം. ഈ അദമ്യമായ സ്നേഹത്തിലാണ് നമ്മുടെ ജീവിതം സജീവമാകുന്നത്. ഈ അദമ്യമായ സ്നേഹമാണ് നമ്മുടെ അന്തിമലക്ഷ്യവും! അതുകൊണ്ട് ഈ മുഹബ്ബത്തിന്റെ ഊടുവഴികൾ നമുക്ക് എളുപ്പമാക്കി തന്നിരിക്കുകയാണ്. (അതായത് ഈ ഉപദേശങ്ങളിലൂടെയും അനുസരണത്തിലൂടെയും)!

അങ്ങനെ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. അതായത് തഖ്‌വ ഇവിടെയാകുന്നു. അതുകൊണ്ടർത്ഥമാക്കുന്നത് തഖ്‌വയുടെ സ്ഥലം (അഥവാ തട്ട്) ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ ഹൃദയമാകുന്നു. എന്നിട്ട് നബികരീം(സ) പറയുകയുണ്ടായി അതായത് ഒരു മുസ്ലിം തന്റെ സഹോദരനെ വിമർശിച്ചാൽ അതു മാത്രം മതി ഒരു തിന്മയായി മാറുവാൻ. ഞാനിത് മുൻപ് പരാമർശിച്ചിട്ടുള്ളതാണ്. ഞാനിത് വീണ്ടും പറയുകയാണ്, ഒരു മുസ്ലിം തന്റെ മറ്റൊരു സഹോദരനെ വിമർശിച്ചാൽ അവനെ അപമാനപ്പെടുത്തിയാൽ അത് മാത്രം മതി അവന്റെ നാശത്തിന് കാരണമാകുവാൻ, അതുകൊണ്ട് അർത്ഥമാക്കുന്നത്, നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം, നിങ്ങളുടെ സഹോദരൻ മോശക്കാരനാണെന്ന് കരുതരുത്, അവനെ ഒരു രീതിയിലും അപമാനിക്കരുത്. കാരണം അതു

മാത്രം മതി അല്ലാഹു(ത) നിങ്ങളെ ഒരു നാശത്തിലകപ്പെടുത്തുവാൻ! മൂന്ന് കാര്യങ്ങൾ ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിനോട് ചെയ്യുവാൻ പാടില്ല. അവന്റെ രക്തവും അവന്റെ അഭിമാനവും, അവന്റെ ധനവും! രക്തവിഷയത്തെപറ്റി പറഞ്ഞാൽ, കഴിഞ്ഞ കാലങ്ങളിൽ കുറ്റമെന്നത് ഒരു അപൂർവ്വ വസ്തു ആയിരുന്നു. എന്നാൽ ഇന്ന് നിങ്ങൾക്ക് കാണുവാൻ കഴിയുന്നതെന്താണ്? (പത്രം വായനയിലൂടെയും വാർത്തകൾ ശ്രവിക്കുന്നതിലൂടെയും) എത്ര കുറ്റങ്ങളാണ് ഇന്ന് അരങ്ങേറിക്കൊണ്ടിരിക്കുന്നത്? അറവുശാലകളിലേക്ക് മൃഗങ്ങളെ കൊണ്ടുവന്നു കൊല്ലുന്നതു പോലെ ഇന്ന കൊലപാതകങ്ങൾ തലങ്ങും വിലങ്ങും അരങ്ങേറുകയാമ്. ഇത്തരം പ്രവർത്തനങ്ങൾക്ക് അനേകം ഘടകങ്ങളുണ്ട്, അവ പ്രതിരകാരമാകാം, അസൂയയാകാം, അല്ലെങ്കിൽ മയക്കു മരുന്നുകളാകാം. അങ്ങനെ പല കാരണങ്ങളുമാകാം.

രണ്ടാമത്തെയും മൂന്നാമത്തെയും പോയിന്റുകൾ അവന്റെ മാന്യതയും, അവന്റെ ധനവുമാണ്. ഒരുവന്റെ സഹോദരനെ അവമതിക്കുകയും അവന്റെ ധനം കൊള്ളയടിക്കുകയും ചെയ്യുക എന്നത് ഇന്ന് എല്ലാ കുടുംബങ്ങളിലും, സമുദായങ്ങളിലും, രാജ്യങ്ങളിലും സാധാരണമായിരിക്കുന്നു. നാം സമ്പൂർണ്ണമായും നാം സ്വയം ഇതിൽ നിന്നും മാറുന്നില്ലെങ്കിൽ, ഈ കാര്യത്തിൽ നാം പരിശുദ്ധത നേടുന്നില്ലെങ്കിൽ മുഴു ലോകത്തിന്റെ മുൻപിൽ നമുക്ക് മേൽകൈ നേടുവാൻ സാധിക്കുകയില്ല. നമുക്ക് അല്പസ്വല്പം അനുഗ്രഹങ്ങൾ ലഭിക്കുന്നുവെങ്കിൽ, അതിന്റെ കാരണം, നമ്മളിൽ കുറച്ച് ആളുകൾ ഈ തിന്മകളിൽ സമ്പൂർണ്ണമായും പരിശുദ്ധത നേടിയിരിക്കുന്നു എന്നു കരുതാം.

നാം ജീവിക്കുന്ന ഈ കാലത്ത്, അല്ലാഹു(ത)യുടെ അനുഗ്രഹത്താൽ നമ്മുടെമേൽ അവന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞിട്ടുണ്ട്. ഞാൻ നിങ്ങളോട് പറഞ്ഞ എല്ലാ കാര്യങ്ങളെ കുറിച്ചും നിങ്ങൾ ആഴത്തിൽ ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. (ഈ വിഷയം സംബന്ധമായി ഖുത്തുബകളിലൂടെ പലപ്പോഴും പറഞ്ഞ കാര്യങ്ങൾ) എന്നിട്ട് അത് പ്രാവർത്തികമാക്കുവാൻ ശ്രമിക്കുക. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ വാക്കുകളിലൂടെ നിങ്ങൾ സ്വയം പരിശുദ്ധി നേടുക, നിങ്ങളുടെ ഉദ്ദേശങ്ങളെയും പവിത്ര

മാക്കുക. ഈ രംഗത്ത് മാതൃകയാകുന്ന ഒരു സമുദായം നിങ്ങൾ സൃഷ്ടിക്കുക. ഈ വീക്ഷണ കോണിലൂടെ നിങ്ങൾ കാര്യങ്ങൾ നോക്കികാണുക. എന്നിട്ട് തീരുമാനിക്കുക. നിങ്ങൾ എന്ത് നേടി? നിങ്ങൾക്ക് എന്ത് നഷ്ടമായി? ഈ കാര്യങ്ങൾ നേടുന്നതിലൂടെ നിങ്ങൾക്ക് ഓരോരുത്തർക്കും സ്വർഗ്ഗം നേടാവുന്നതാണ്. അത് നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ഇതിന്റെ കാരണം ഇതിന് മുൻപ് ഈ കള്ളങ്ങളാൽ നിങ്ങൾ ഒരു നാരകീയ ജീവിതമാണ് നയിച്ചുകൊണ്ടിരുന്നത്. ഗീയ്ബത്തിലൂടെ നിങ്ങൾ സന്തോഷം കണ്ടെത്തിയവരാണ്. മറ്റുള്ളവരെ വിമർശിക്കുന്നതിലൂടെ നിങ്ങൾ ആസ്വദിച്ചുകൊണ്ടിരിന്നുവരാണ്. അങ്ങനെ പലതിലും! ഇതിലെല്ലാം അഗ്നിയുണ്ട്, അത് നിങ്ങളുടെ ഹൃദയത്തെ കത്തിക്കുന്നതാണ്, അതിൽ നിന്നും അഗ്നി സർപ്പങ്ങൾ പുറത്തുവരുന്നതാണ്.

ആയതിനാൽ, നിങ്ങൾ ഈ ഉപദേശം കേൾക്കുകയാണെങ്കിൽ, അത് നിങ്ങൾ പ്രാവൃത്തികമാക്കുകയാണെങ്കിൽ, ഈ എല്ലാ അഗ്നിയും കെട്ടടങ്ങുന്നതാണ്..എന്നിട്ട് നിങ്ങൾ ശാന്തിയിലാകുന്നതാണ്, അത് അപ്പോൾ ഒരു സ്വർഗ്ഗമായി മാറുന്നതാണ്. മുഴുകുടുംബവും സ്വർഗ്ഗത്തിലാകുന്നതാണ്. നിങ്ങളെ പോലെ സമുദായം മുഴുവൻ സ്വർഗ്ഗത്തിലാകുന്നതാണ്. ഒരു മൗലവിക്കും, ഒരു കൊടും വിദ്വേഷത്തിനും, ഒരു ഭരണകൂടത്തിനും നിങ്ങൾക്കെതിരിൽ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ധാർമ്മികതയാൽ നിങ്ങൾ സ്വയം അലങ്കരിക്കപ്പെട്ടാൽ, മുഴു ലോകവും നിങ്ങളെ ആദരവോടെ വരവേല്ക്കും.

പരാമർശിക്കപ്പെട്ട പ്രധാന കാര്യം നിങ്ങൾ അസൂയാലുക്കളാകരുത്. അല്ലാഹു(ത) നിങ്ങളുടെ ധനത്തെയോ, മുഖസൗന്ദര്യത്തെയോ അല്ല നോക്കുന്നത്, അല്ലാഹു(ത) ഈ കാര്യങ്ങൾ നോക്കുന്നില്ലെങ്കിൽ, നിങ്ങൾ എന്തിനാണ് വിഷമിക്കുന്നത്? അതിൽ നിങ്ങൾ വിഷമിക്കേണ്ട കാര്യം ഇല്ല. ഇന്ന ഇന്ന ആളുകൾ എന്നെക്കാൾ സുന്ദരന്മാരാണ് അല്ലെങ്കിൽ സുന്ദരികളാണ്, ഇന്ന ഇന്ന ആളുകൾക്ക് ധനം ഇഷ്ടം പോലെയുണ്ട്, എനി

ക്കാണെങ്കിൽ ഇല്ല എന്ന് പറഞ്ഞ് വിഷമിക്കേണ്ട കാര്യം എന്താണ്? അല്ലാഹു(ത) നോക്കുന്നത് ആരാണ് അവനോട് ചേർന്നു നില്ക്കുന്നത് എന്നാണ്! അതുകൊണ്ട് നിങ്ങൾ എന്തിനാണ് ഈ കാര്യത്തിൽ വിഷമിക്കുന്നത്? അല്ലാഹു(ത) നിങ്ങളോട് ചേർന്നു നില്ക്കുന്നുവെങ്കിൽ, അവൻ തീരുമാനിക്കും നിങ്ങൾക്ക് എന്ത് അനുഗ്രഹമാണ് വേണ്ടതെന്ന്? ഒരുവന്റെ ശാരീരിക സൗന്ദര്യമോ അല്ലെങ്കിൽ ധനമോ പരിഗണിച്ചല്ല അല്ലാഹു(ത) വിധി പുറപ്പെടുവിക്കുന്നത്. ആരെക്കാൾ ആരാണ് കൂടുതൽ സൗന്ദര്യമുള്ളവൻ, ആരെക്കാൾ ആരാണ് കൂടുതൽ ധനവാൻ എന്ന് നോക്കിയല്ല അവൻ കാര്യങ്ങൾ തീരുമാനിക്കുന്നത്. അവൻ വിധിക്കുന്നതും പരിഗണിക്കുന്നതും ആരാണ് കൂടുതൽ തഖ്‌വ ഉള്ളവൻ എന്നതുമാത്രമാണ്. സമ്പൂർണ്ണമായും സ്വയം പരിശുദ്ധനേടിയത് ആരാണ് എന്നതുമാത്രമാണ്.

ഹൃദയത്തിൽ കൂടുതൽ തഖ്‌വ ഉള്ളത് ആർക്കാണോ അവനാണ് അല്ലാഹുവിന്റെ നോട്ടത്തിൽ കൂടുതൽ ധനവാൻ. ചിലപ്പോൾ നിങ്ങൾ സ്വയം ചോദ്യം ചോദിക്കുന്നുണ്ടാകാം. അല്ലാഹു(ത) നിങ്ങളുടെ തഖ്‌വ നോക്കുന്നുണ്ടോ അതോ ഇല്ലയോ എന്ന് നിങ്ങൾക്കെങ്ങനെ അറിയാം? എന്നാൽ ഹൃദയത്തിൽ തഖ്‌വ ഉള്ള വ്യക്തിയെ, അവനറിയാൻ കഴിയും. ചിലപ്പോൾ, നിങ്ങൾക്ക് സാധുക്കളെ കാണാം, അവർക്ക് തഖ്‌വ ഉണ്ടായിരിക്കും. ഇത്തരം ആളുകൾക്ക് ലോകത്ത് വളരെയധികം ബഹുമതികൾ ലഭിക്കുന്നതാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)നെക്കാൾ പാപമായിട്ടുള്ളതാരാണ്? അദ്ദേഹത്തിന്റെ വീട്ടിൽ ഇരിക്കാൻ പോലും ഒന്നുമുണ്ടായിരുന്നില്ല. അനേകം ദിവസങ്ങൾ ആഹാരം പാകം ചെയ്യാനായി ആ വീട്ടിൽ തീ പോലും കത്തിച്ചിട്ടില്ല. എന്നാൽ ഈ സാഹചര്യത്തിലും, അനേകം ആളുകൾ അവരുടെ സാധനസാമഗ്രികൾ ത്യജിച്ച്, അവർ സ്വയം അത്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ വാതിൽക്കൽ കൊണ്ടു വെച്ചു. അദ്ദേഹം ദാരിദ്ര്യത്തിലായിരുന്നുവെങ്കിലും, അവർ അദ്ദേഹത്തോട് നന്ദി പ്രകടിപ്പിച്ചു. ഈ പ്രവർത്തി അവർക്ക് ബഹുമതിയുടെ ഉറവിടമായി

മാറി. രാജാക്കന്മാർ അവരുടെ സിംഹാസനങ്ങൾ ഉപേക്ഷിച്ച് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അരികിൽ വരികയുണ്ടായി. അൽഹംദുലില്ലാഹ്! നിങ്ങൾ തഖ്‌വയിലേക്ക് നോക്കു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ ഉപദേശങ്ങൾ നിങ്ങൾ ആദരവോടെ അവലോകനം ചെയ്യുകയാണെങ്കിൽ, അത് നിങ്ങൾ നിങ്ങളുടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ, ഇതിൽ നിന്നെല്ലാം നിങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ പ്രയോജനം! അദ്ദേഹം പറയുകയുണ്ടായി മറ്റുള്ളവരുടെ തെറ്റുകളിലേക്കും വീഴ്ചകളിലേക്കും നിങ്ങൾ നോക്കരുത്. മറ്റുള്ളവരുമായുള്ള കൊടുക്കൽ വാങ്ങൽ ഇല്ലാതാക്കരുത്. അവസാനമായി പറഞ്ഞു നിർത്തിയത് ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ് എന്നാണ്! അവിടെ നിന്ന് നിങ്ങളുടെ യാത്രയുടെ പുരോഗതി ആരംഭിക്കാം. നിങ്ങളുടെ തിന്മകൾ അവസാനിപ്പിക്കുക. ഈ എല്ലാ ഉത്തരവാദിത്വങ്ങളും പൂർത്തിയാക്കുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ! ആമീൻ!




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*